**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 83** **25.04.2017-ൽ മറുപടിക്ക്**

**അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ.എൻ.ജയരാജ്**<br>**ശ്രീ.റോഷി അഗസ്റ്റിൻ**<br>**ശ്രീ.സി.എഫ്.തോമസ്** | | | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) | അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ 2016 ജനുവരി മുതൽ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ വകുപ്പുകളിൽ പരിശോധന നടത്തിയെന്ന് വ്യക്തമാക്കാമോ, ആയതിന് യാത്രാബത്ത അനുവദിച്ചിട്ടുണ്ടോ;<br>വിശദമാക്കാമോ; | (എ) | 2001-2010 കാലയളവിൽ നടന്ന പി.എസ്.സി നിയമനങ്ങളുടെ സാധുത പരിശോധനയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഓഫീസുകളിൽ ആകസ്മിക പരിശോധനകളും നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ നടത്തുന്ന പരിശോധനകൾക്ക് നിയമാനുസൃതമുള്ള യാത്രാബത്ത ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്. |
| (ബി) | 2016 ജനുവരിക്കുശേഷം ജീവനക്കാർ വിരമിച്ച തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ; വകുപ്പ്, തസ്തിക തിരിച്ച് കണക്ക് സൂക്ഷിച്ചിട്ടുണ്ടോ ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ; | (ബി)<br>&<br>(സി) | ജീവനക്കാർ വിരമിക്കുന്നതുമൂലം ഉണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സിയെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുകയും 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2394 ഒഴിവുകൾ കണ്ടെത്തുകയും അത് പി.എസ്.സി. ക്ക് റിപ്പോർട്ടു ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ |
| (സി) | ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരെ കണ്ടെത്താൻ വകുപ്പ്, തസ്തിക തിരിച്ച കണക്ക് സൂക്ഷിക്കുന്നത് ഉചിതമെന്ന് കരുതുന്നുണ്ടോ; | | |

| | | | |
|---|---|---|---|
| | | | വിശദമായ കണക്കുകൾ ബന്ധപ്പെട്ട വകുപ്പ് മേധാവികളാണ് സൂക്ഷിക്കാറുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയടക്കമുള്ള ശിക്ഷാനടപടികൾ കൈക്കൊള്ളാൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ശിപാർശ ചെയ്യും. |
| (ഡി) | വിജിലൻസ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നത് ഏത് ഉദ്യോഗസ്ഥനാണ്, പ്രതിമാസ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാറുണ്ടോ; 2016 ജനുവരി മുതൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | (ഡി) | വിജിലൻസ് സെല്ലിന്റെ പ്രവർത്തനം എല്ലാ മാസവും അഡീഷണൽ സെക്രട്ടറി തലത്തിലും മൂന്ന് മാസത്തിലൊരിക്കൽ വകുപ്പ് സെക്രട്ടറി തലത്തിലും വിലയിരുത്തി വരുന്നുണ്ട്. ഓരോ വകുപ്പിലേയും നിയമന പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിശദമായ റിപ്പോർട്ടുകളും ആകസ്മിക പരിശോധനാ റിപ്പോർട്ടുകളും ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിക്കാറുണ്ട്. |
| (ഇ) | വിജിലൻസ് സെൽ നിർദ്ദേശം നൽകിയിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ; പ്രസ്തുത ശിപാർശകളുടെ പകർപ്പ് ലഭ്യമാക്കാമോ ? | (ഇ) | ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി കാലാകാലങ്ങളിൽ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും പ്രസ്തുത നിർദ്ദേശം യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുകയും ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ